**കേരള സർക്കാർ**

**ധനകാര്യ (രഹസ്യ) വകുപ്പ്**

**നം.123/എസ്.എസ്.2/2018** തിരുവനന്തപുരം, തീയതി 28.12.2018

## <u>പരിപത്രം</u>

**വിഷയം:- ധനകാര്യ വകുപ്പ് — ജീവനക്കാര്യം — 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ - ഭൂസ്വത്തുക്കളും മറ്റു നിക്ഷേപങ്ങളും സംബന്ധിച്ച് 2018 ലെ പത്രിക സമർപ്പണം — ഓൺലൈൻ (ഇന്റർനെറ്റ്) വഴി — സംബന്ധിച്ച്.**

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 37-ാം ചട്ടപ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും (ഓഫീസ് അറ്റന്റന്റ് ഉൾപ്പെടെ) ഓരോ വർഷവും ജനുവരി 15-ാം തീയതിക്കകം മുൻവർഷാവസാനത്തിൽ അവരുടെ കൈവശത്തിലോ, അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്തിലോ ഉള്ള സ്ഥാവര-ജംഗമ വസ്തുക്കളും (movable / immovable properties) മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് ഓരോ പത്രിക സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്.

24.01.2007 ലെ സ.ഉ. (കൈ) നം.32/2007/പൊ.ഭ.വ. ഉത്തരവ് പ്രകാരം സ്വത്ത് വിവരങ്ങൾ സംബന്ധിച്ച പത്രികാ സമർപ്പണം ഓൺലൈൻ വഴി (ഇന്റർനെറ്റ് മുഖേന) നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ധനകാര്യ (രഹസ്യ) വകുപ്പിൽ പത്രിക സമർപ്പിക്കുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ 2018 ലെ പത്രികാ സമർപ്പണം 2019 ജനുവരി 15-നകം ഓൺലൈൻ വഴി നടത്തേണ്ടതാണ്. കടലാസ് മുഖേനയുള്ള പത്രികാ സമർപ്പണം സ്വീകരിക്കുന്നതല്ല.

ഓൺലൈൻ വഴി പത്രികാ സമർപ്പണം നടത്തുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ www.finance.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പത്രികാ സമർപ്പണം നടത്തേണ്ടതാണ്.

**എ. മധുസൂദനൻ നായർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

ധനകാര്യ വകുപ്പിലെ ഓഫീസ് അറ്റന്റന്റ് ഉൾപ്പെടെയുള്ള എല്ലാ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ.
കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റുമാർ / ഫിനാൻഷ്യൽ അസിസ്റ്റന്റുമാർ / ഫിനാൻഷ്യൽ ഓഫീസർമാർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.